Break the Chain
കൈവിടാതിരിക്കാം... കൈ കഴുകാം

വനിത
ശിശുവികസന
വകുപ്പ്

150
മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

# *സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം*

***സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ***
***(ഹാജർ: ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)***

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഇടുക്കി ഐശ്വര്യ ശശി എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** 1) ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് **നമ്പർ:**898/2021/DCPU/IDK **തീയതി** :27.07.2021

==================================================================================

*ഉത്തരവ് നമ്പർ:* ICPS-4(A)/654/2021 *തീയതി:* **18.08.2021**

==================================================================================

ഇടുക്കി ജില്ലയിൽ വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിൽ ഞാറായ്ക്കൾ വീട്ടിൽ ശ്രീ.ശശി ശ്രീമതി.സിന്ധു എന്നീ ദമ്പതികളുടെ മകളായ ഐശ്വര്യ ശശി (16 വയസ്) എന്ന കുട്ടിക്ക് 2019 മുതൽ നെഫ്രോട്ടിക്ക് സിൻഡ്രോം എന്ന മാരകമായ വൃക്കരോഗം ബാധിച്ചിട്ടുള്ളതും,നിലവിൽ കോട്ടയം മെഡിക്കൽകോളേജിൽ തുടർ ചികിത്സ നടന്നുവരുന്നു എന്നും, കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും, നിലവിൽ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശം ആണ് എന്നും പ്രതിമാസം 5000/-രൂപയുടെ മരുന്നുകൾക്ക് പുറമേ രക്ത പരിശോധനയ്ക്കും മറ്റ് പരിശോധനയ്ക്കുമായി പ്രതിമാസം 4000/-രൂപ അധിക ചിലവ് വരുന്നു എന്നും ,നാളിതുവരെയായി കുട്ടിക്ക് 25,000/-രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ലഭിച്ചിട്ടുണ്ട് എന്നും ആയതിനാൽ കുട്ടിയുടെ മരുന്നിനും, തുടർ ചികിൽസയ്ക്കും കൂടി ചേർത്ത് ആകെ 96000/- രൂപ അനുവദിച്ച് നൽകണമെന്ന് ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ **ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള ഇടുക്കി ജില്ലയിൽ** വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിൽ ഞാറായ്ക്കൾ വീട്ടിൽ ശ്രീ.ശശി ശ്രീമതി.സിന്ധു എന്നീ ദമ്പതികളുടെ മകളായ ഐശ്വര്യ ശശിയുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ചികിത്സാ ധനസഹായമായി നിലവിൽ ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ 57,208/- രൂപ (അൻപത്തി ഏഴായിരത്തി ഇരുന്നൂറ്റി എട്ട് രൂപ മാത്രം) ജെ.ജെ.ആക്റ്റിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015

പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുകയായ **57,208/- രൂപ (അൻപത്തി ഏഴായിരത്തി ഇരുന്നൂറ്റി എട്ട് രൂപ** മാത്രം) ഇടുക്കി വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി ഇടുക്കി ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ബില് സമർപ്പിക്കുന്ന മുറയ്ക്ക് 2 ലക്ഷം രൂപയിൽ നിലനിർത്തി കൊണ്ട് ബാക്കി തുക DCPOയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതുമാണ്.

(ഒപ്പ്)

***വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &***
***മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)***

**ജില്ലാ വനിത *ശിശു* വികസന ഓഫീസർ,**
**ഇടുക്കി**

<u>പകർപ്പ്</u>

1. ജില്ല ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT